**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കാസർഗോഡ് ജില്ലയിലെ ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. വി. ഭാസുരാംഗൻ സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.433/2020/തസ്വഭവ തീയതി, തിരുവനന്തപുരം, 20.02.2020

==========================================================================

പരാമർശം: 1. പഞ്ചായത്ത് ഡയറക്ടറുടെ 25.09.2014-ലെ ഡി9-1708/04 നമ്പർ നടപടിക്രമങ്ങൾ

2. ശ്രീ. വി. ഭാസുരാംഗൻ സമർപ്പിച്ച 15.11.2014-ലെ അപ്പീൽ അപേക്ഷ

3. പഞ്ചായത്ത് ഡയറക്ടറുടെ 11.01.2016-ലെ ഡി9-1708/04 നമ്പർ കത്ത്

**ഉത്തരവ്**

കാസർഗോഡ് ജില്ലയിൽ ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിൽ അനധികൃതമായി വനാതിർത്തിക്കടുത്ത് പ്രവർത്തിച്ച വിജയാ വുഡ് ഇൻഡസ്ട്രീസ്, കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 12.07.2002-ലെ കത്തിന്റെ അടിസ്ഥാനത്തിൽ 20.07.2002-ൽ മില്ലിന്റെ പ്രവർത്തനം നിർത്തിവെക്കാൻ പഞ്ചായത്ത് സെക്രട്ടറി മില്ലുടമക്ക് നോട്ടീസ് നൽകിയിരുന്നു. മില്ലുടമ പ്രസ്തുത നോട്ടീസിനെതിരെ ഹൈക്കോടതിയിൽ നിന്നും താത്കാലിക സ്റ്റേ സമ്പാദിക്കുകയും ചെയ്തിരുന്നു. പ്രസ്തുത സ്റ്റേ ഉത്തരവ് നീക്കം ചെയ്യുന്നതിന് ആവശ്യമായ നിയമ നടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ 16 ഉദ്യോഗസ്ഥർക്കെതിരെ കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും 28.02.2003 മുതൽ 02.07.2003 വരെ ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന ശ്രീ. വി. ഭാസുരാംഗൻ 08.04.2003-ലെ ആദ്യത്തെ സ്റ്റേ ഉത്തരവ് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയതായി കണ്ട് ടിയാന്റെ രണ്ട് വാർഷിക ശമ്പള വർദ്ധനവ് രണ്ട് വർഷത്തേക്ക് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് പരാമർശം (1) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കിയിരുന്നു.

പ്രസ്തുത ഉത്തരവിനെതിരെ ശ്രീ. ഭാസുരാംഗൻ പരാമർശം (2) പ്രകാരം സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത അപ്പീലിൽ ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിന്റെ സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന സമയത്ത് ടിയാന് വിജയാ വുഡ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനം നേടിയ സ്റ്റേ ഉത്തരവ് സംബന്ധിച്ച് ഒരു തപാലോ അറിയിപ്പോ ലഭിച്ചിരുന്നില്ലായെന്നും ഇതു സംബന്ധിച്ച് ഒരു കുറ്റാരോപണ മെമ്മോ ലഭിച്ചതിനു ശേഷവും ടി പഞ്ചായത്തിലെ ഈ കാര്യവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിലും ടിയാൻ അധിക ചുമതല വഹിച്ചിരുന്ന സമയത്ത് ഇക്കാര്യത്തിൽ യാതൊരു തപാലും ലഭിച്ചതായി കാണുവാൻ സാധിച്ചിട്ടില്ലായെന്നും, അടാട്ട് ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിയായി 19.12.2011 മുതൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ഭാസുരാംഗൻ മികച്ച സേവനത്തിന് വിവിധ അംഗീകാരങ്ങൾ നേടിയിട്ടുണ്ടെന്നും ആയതിനാൽ പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം തടഞ്ഞ വാർഷിക ശമ്പളവർദ്ധനവ് പുനഃസ്ഥാപിച്ച് തരണമെന്നും അഭ്യർത്ഥിച്ചു.

തുടർന്ന് ശ്രീ. വി. ഭാസുരാംഗനെ 14.05.2019-ൽ നേരിൽ കേൾക്കുകയുണ്ടായി. നേരിൽ കേട്ട അവസരത്തിൽ സമർപ്പിച്ച പ്രതിവാദ പത്രികയിൽ ടിയാൻ കാസർഗോഡ് ജില്ലയിലെ ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിൽ 04.09.2001 മുതൽ 08.12.2003 വരെ ഹെഡ് ക്ലാർക്കായി സേവനമനുഷ്ഠിച്ചിരുന്നെന്നും ടി കാലയളവിൽ 28.02.2003 മുതൽ 02.07.2003 വരെ സെക്രട്ടറിയുടെ അധിക ചുമതലയും വഹിച്ചിരുന്നുവെന്നും കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഉത്തരവ് പ്രകാരം വിജയാ വുഡ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനം 20.07.2002 മുതൽ പ്രവർത്തനം നിർത്തി വക്കാൻ നോട്ടീസ് നൽകുകയും ചെയ്തുവെന്നും പ്രസ്തുത നോട്ടീസിനെതിരെ മില്ലുടമ ബഹു. കേരള ഹൈക്കോടതിയിൽ നിന്നും 08.04.2003-ൽ സ്റ്റേ വാങ്ങി എന്ന് പറയപ്പെടുന്നുവെന്നും എന്നാൽ ഇത് സംബന്ധിച്ച ഉത്തരവുകളോ ഫയലുകളോ പഞ്ചായത്തിൽ നിന്നും അന്വേഷണത്തിൽ ലഭിച്ചിട്ടില്ലായെന്നും ഇത് സംബന്ധിച്ച കാര്യം ഡിപ്പാർട്ട്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതിനു ശേഷം താനടക്കം 16 ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടിക്ക് കാരണം കാണിക്കൽ നോട്ടീസ് പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നുവെന്നും പ്രസ്തുത സ്റ്റേ സംബന്ധിച്ച വിവരം ഇവർക്കാർക്കും അറിവുണ്ടായിരുന്നില്ലെന്നും ആയതുകൊണ്ടാണ് പ്രസ്തുത സ്റ്റേ വെക്കേറ്റ് ചെയ്യിക്കുന്നതിനുള്ള നടപടി ഇവരാരും ചെയ്യാതിരുന്നത് എന്നും കുറ്റാരോപണ മെമ്മോ ലഭിക്കുമ്പോഴാണ് ഇക്കാര്യം ശ്രദ്ധയിൽ വരുന്നത് എന്നും കുറ്റാരോപണ മെമ്മോ ലഭിച്ചതിൽ 14 പേരെ പ്രതിവാദപത്രികയുടെ അടിസ്ഥാനത്തിൽ ഒഴിവാക്കിയിട്ടുണ്ടെന്നും ടിയാനെയും തൊട്ടുവന്ന സെക്രട്ടറി ശ്രീ. വിധു എ. മേനോനെയുമാണ് രണ്ട് വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് പഞ്ചായത്ത് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചത് എന്നും ആയതിൽ ശ്രീ. വിധു എ. മേനോന്റെ ശിക്ഷ താക്കീതാക്കി ഇളവ് ചെയ്തുകൊണ്ട് സർക്കാർ ഉത്തരവായിട്ടുള്ളതുമാണെന്നും കൂടാതെ 2002-03 മുതൽ ഇന്നുവരെയുള്ള മുഴുവൻ ഫീസും നികുതികളും പലിശയടക്കം പിരിച്ചെടുത്തിട്ടുണ്ടെന്നും ഇത്തരത്തിൽ പഞ്ചായത്തിന് യാതൊരു നഷ്ടവും വരുത്തിയിട്ടില്ലായെന്നും ആകയാൽ 31.05.2017 ന് സേവനത്തിൽ നിന്നും വിരമിച്ച വ്യക്തി എന്ന നിലക്കും തന്റെ ഭാഗത്തു നിന്നും മനഃപൂർവ്വമല്ലാതെ വന്ന വീഴ്ച എന്നതും കണക്കാക്കി പഞ്ചായത്ത് ഡയറക്ടറുടെ 25.09.2014-ലെ ഡി9-1708/04 അച്ചടക്ക നടപടി ഒഴിവാക്കിത്തരണമെന്നും അപേക്ഷിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ഭാസുരാംഗനോടൊപ്പം ശിക്ഷിക്കപ്പെടുകയും പിന്നീട് സർക്കാർ ശിക്ഷ ഇളവ് ചെയ്യുകയും ചെയ്ത ശ്രീ. വിധു എ. മേനോൻ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ടിയാൻ ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ചുമതലയേറ്റത് 02.07.2003 ൽ മാത്രമാണെന്നും ആ സമയത്ത് മില്ലുടമ ബഹു.ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത OP No 24000/2002 സംബന്ധിച്ച ഒരു റെക്കോർഡും പഞ്ചായത്തിൽ ലഭ്യമായിരുന്നില്ലായെന്നും കൂടാതെ ഈ വിഷയം ആരും ടിയാന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടില്ലായെന്നും അറിയിക്കുകയുണ്ടായി. മാത്രമല്ല ടി വിഷയം സംബന്ധിച്ച നോട്ടീസ് 09.09.2002-ൽ പഞ്ചായത്തിൽ ലഭിച്ചതിനുശേഷം ആയതിന്റെ അടിസ്ഥാനത്തിൽ കേസ് നടത്തുന്നതിന് വക്കിലിനെ ചുമതലപ്പെടുത്തുകയോ സെക്രട്ടറി നേരിട്ട് ഹാജരാകുകയോ മുൻ സെക്രട്ടറി കേസ് നടത്തിപ്പിൽ follow up action നടത്തുകയോ ചെയ്തിട്ടില്ലായെന്നും ബോധിപ്പിച്ചിട്ടുണ്ട്. ശ്രീ. ഭാസുരാംഗൻ ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിൽ 04.09.2001 മുതൽ 03.12.2003 വരെ ഹെഡ് ക്ലാർക്കായും ഇതിൽ 28.02.2003 മുതൽ 02.07.2003 വരെ സെക്രട്ടറിയുടെ അധിക ചുമതലയും വഹിച്ചിരുന്നു. CMP No. 40700/2002 in OP 24000/2002 ൽ ആദ്യ സ്റ്റേ ഉത്തരവ് പുറപ്പെടുവിക്കുന്നത് 08.04.2003 ൽ ആയിരുന്നു. പ്രസ്തുത കാലയളവിൽ ശ്രീ.ഭാസുരാംഗൻ പഞ്ചായത്ത് സെക്രട്ടറിയുടെ അധിക ചുമതല കൂടി വഹിച്ചിരുന്നു. ശ്രീ. പങ്കജാക്ഷൻ ഹൈക്കോടതി മുൻപാകെ ഫയൽ OP. No. 24000/2002 19.08.2002 ൽ അഡ്മിറ്റ് ചെയ്യുകയുണ്ടായി. അതോടൊപ്പം പഞ്ചായത്തിന് നോട്ടീസ് നൽകുകയും പഞ്ചായത്ത് 09.09.2002 ൽ നോട്ടീസ് കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കാലയളവിൽ ശ്രീ. ഭാസുരാംഗൻ പഞ്ചായത്തിന്റെ ഹെഡ് ക്ലാർക്കായിരുന്നു. 09.09.2002-ൽ പഞ്ചായത്തിൽ കൈപ്പറ്റിയ നോട്ടീസിന്റെ അടിസ്ഥാനത്തിൽ കേസ് നടത്തുന്നതിന് വക്കിലിനെ ചുമതലപ്പെടുത്തുകയോ, സെക്രട്ടറി നേരിട്ട്

ഹാജരാകുകയോ, കേസ് നടത്തിപ്പിൽ follow up action നടത്തുകയോ ഉണ്ടായില്ല. 20.07.2002 ലെ കത്ത് പ്രകാരമാണ് പഞ്ചായത്ത് സെക്രട്ടറി മില്ലിനുള്ള ലൈസൻസ് റദ്ദ് ചെയ്തിട്ടുള്ളത്. പഞ്ചായത്തിൽ നിന്നും അനുവദിച്ച ലൈസൻസ് റദ്ദ് ചെയ്തുകൊണ്ട് അറിയിപ്പ് നൽകുമ്പോൾ സ്വാഭാവികമായും ഹെഡ് ക്ലാർക്ക് ആ കാര്യം അറിഞ്ഞിരിക്കും. പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനം നിർത്തി വെക്കേണ്ട മില്ലിന്റെ പ്രവർത്തനം തുടരുന്നത് പഞ്ചായത്ത് അധികാരികളുടെ ശ്രദ്ധയിൽപ്പെടാതിരിക്കാൻ നിർവ്വാഹമില്ല. ആ നിലയ്ക്ക് ശ്രീ. ഭാസുരാംഗൻ സെക്രട്ടറിയുടെ ചുമതല വഹിക്കുന്ന കാലയളവിൽ സ്റ്റേ സംബന്ധിച്ച ഒരു അറിയിപ്പും പഞ്ചായത്തിൽ ലഭിച്ചിരുന്നില്ല എന്നും അതിനാൽ ടിയാന് ഇതു സംബന്ധിച്ച ഒരറിവും ഇല്ലായിരുന്നു എന്ന വാദം വസ്തുതകൾക്ക് നിരക്കാത്തതാണ്. കൂടാതെ തന്നോടൊപ്പം ശിക്ഷിക്കപ്പെട്ട ശ്രീ.വിധു.എ. മേനോനെ ശിക്ഷയിൽ നിന്ന് ഇളവ് നല്കിയിട്ടുള്ളതിനാൽ തനിക്കും ഇളവനുവദിക്കണമെന്ന ശ്രീ.ഭാസുരാംഗന്റെ വാദം അംഗീകരിക്കാൻ നിർവ്വാഹമില്ല. ശ്രീ. വിധു.എ.മേനോൻ 02.07.2003-ൽ ശ്രീ. ഭാസുരാംഗനിൽ നിന്നും ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചുമതല ഏറ്റെടുത്ത അവസരത്തിൽ ടിയാൻ ഉന്നത ഉദ്യോഗസ്ഥൻ മുൻപാകെ സമർപ്പിച്ച ചാർജ്ജ് റിപ്പോർട്ടിൽ OP No. 24000/2002 സംബന്ധിച്ച രേഖകൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രസ്തുത രേഖകൾ പഞ്ചായത്തിൽ ഇല്ലാതിരുന്നു എന്ന് കരുതേണ്ടിയിരിക്കുന്നു.

തുടർന്ന് ഈ വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ കാസർഗോഡ് ജില്ലയിലെ ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിൽ അനധികൃതമായി വനാതിർത്തിക്കടുത്ത് പ്രവർത്തിച്ച തടിമില്ല് കണ്ണൂർ ഫോറസ്റ്റ് ഡിവിഷണൽ ഓഫീസറുടെ 12.07.2002-ലെ കത്തിന്റെ അടിസ്ഥാനത്തിൽ 20.07.2002-ൽ മില്ലിന്റെ പ്രവർത്തനം നിർത്തിവെക്കാൻ സെക്രട്ടറി മില്ലുടമയ്ക്ക് നോട്ടീസ് നൽകിയിരുന്നുവെന്നും എന്നാൽ മില്ലുടമ മേൽ നോട്ടീസിനെതിരെ ബഹു. ഹൈക്കോടതിയിൽ നിന്ന് താത്കാലിക സ്റ്റേ സമ്പാദിക്കുകയും (08.07.2003 ൽ CMP No.407000/2002 in OP No. 24000/2002) ചെയ്തിരുന്നു. പ്രസ്തുത സ്റ്റേ ഉത്തരവ് നീക്കം ചെയ്യുന്നതിന് ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ 16 ഉദ്യോഗസ്ഥർക്കെതിരെ 24.05.2012-ന് കുറ്റപത്രം പുറപ്പെടുവിച്ച് അച്ചടക്ക നടപടി ആരംഭിച്ചു. ശ്രീ.വി. ഭാസുരാംഗൻ ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്നത് 28.02.2003 മുതൽ 02.07.2003 വരെയുള്ള കാലയളവിലാണ് 08.04.2003-ലെ ആദ്യത്തെ സ്റ്റേ ഉത്തരവ് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുവാൻ വീഴ്ച വരുത്തിയ ശ്രീ. വി. ഭാസുരാംഗന്റെ അപ്പീൽ അപേക്ഷയിൽ അച്ചടക്ക നടപടി പരിഗണിക്കുമ്പോൾ മുന്നോട്ട് വെച്ച വാദഗതികളല്ലാതെ മറ്റ് വാദഗതികളൊന്നും ഉന്നയിച്ചിട്ടില്ലായെന്നും ടിയാന്റെ രണ്ട് വാർഷിക ശമ്പള വർദ്ധനവ് രണ്ട് വർഷത്തേക്ക് സഞ്ചിതഫലമില്ലാതെ തടഞ്ഞുകൊണ്ടുള്ള 25.09.2014-ലെ ഉത്തരവിലേക്ക് നയിച്ച സാഹചര്യങ്ങളും വസ്തുതകളും ഇന്നും മാറ്റമില്ലാതെ തുടരുന്നുവെന്നും അപ്പീലിലെ ടിയാന്റെ വാദഗതികൾ പ്രഥമദൃഷ്ട്യാ നിലനിൽക്കുന്നതല്ലായെന്നും മേൽ സാഹചര്യത്തിൽ ശ്രീ. വി. ഭാസുരാംഗന്റെ അപ്പീൽ അപേക്ഷ പരിഗണനാർഹമല്ല എന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (1) ഉത്തരവിനെതിരെ ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. വി. ഭാസുരാംഗൻ പരാമർശം (2) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

അഡീഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. വി. ഭാസുംരാംഗൻ, മുൻ സെക്രട്ടറി, ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്
4. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
5. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.79101/ഇപിബി3/2014/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ